**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6208** **09-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ എത്ര ദേവസ്വം ബോർഡുകളാണ് ഉള്ളതെന്നും ഓരോ ദേവസ്വം ബോർഡിന്റെയും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളും മറ്റ് സ്ഥാപനങ്ങളുമാണ് ഉള്ളതെന്നും വിശദമാക്കാമോ; ഈ സ്ഥാപനങ്ങളിലായി എത്ര ജീവനക്കാർ ഓരോ ദേവസ്വം ബോർഡിലും ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണ് സംസ്ഥാനത്തുള്ളത്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 1250 ക്ഷേത്രങ്ങൾ, 5 കോളേജുകൾ(4 എയ്ഡഡ്, 1 സ്വാശ്രയം), 26 സ്കൂളുകൾ(22 എയ്ഡഡ്, 4 അൺ എയ്ഡഡ്), 2 ക്ഷേത്രകലാപീഠങ്ങൾ, ഒരു ഗ്രന്ഥശാല എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ആകെ 4383 ജീവനക്കാർ ജോലി ചെയ്തുവരുന്നു.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ 409 ക്ഷേത്രങ്ങളും 2 കോളേജുകളും ഒരു സ്കൂളും ധന്വന്തരി ആയുർവേദ ആശുപത്രി എന്ന പേരിൽ ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ താല്ക്കാലിക, കാരായ്മ ജീവനക്കാരുൾപ്പെടെ ആകെ 2581 ജീവനക്കാർ ജോലി ചെയ്തുവരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1403 ക്ഷേത്രങ്ങളും ക്ഷേത്രകലാ അക്കാഡമിയും പ്രവർത്തിക്കുന്നുണ്ട്. 7470 ജീവനക്കാരും ജോലി നോക്കി വരുന്നുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ 12 ക്ഷേത്രങ്ങൾ, 3 ഗസ്റ്റ് ഹൗസുകൾ, 2 സ്കൂളുകൾ, ഒരു കോളജ്, ആയുർവേദ ആശുപത്രി, മെഡിക്കൽ സെന്റർ, വാദ്യ വിദ്യാലയം, ജ്യോതിഷ പഠനകേന്ദ്രം, ചുമർചിത്ര പഠനകേന്ദ്രം, മതഗ്രന്ഥശാല, ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ വേദിക് & കൾച്ചറൽ സ്റ്റഡീസ്, പുന്നത്തൂർ ആനക്കോട്ട, കാവീട് ഗോശാല, വെങ്ങാട് ഗോശാല എന്നിവ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലായി 729 |

| | | | |
|---|---|---|---|
| | | | സ്ഥിരം ജീവനക്കാരും 740 താല്ക്കാലിക ജീവനക്കാരും പ്രവൃത്തിയെടുക്കുന്നുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ 13 ക്ഷേത്രങ്ങളുണ്ട്. ഇവിടങ്ങളിലായി 15 സ്ഥിര ജീവനക്കാരും 58 കരാർ ജീവനക്കാരും ജോലി നോക്കുന്നു. |
| (ബി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ എടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യാഥാർത്ഥ്യം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ യാതൊരു വിധത്തിലുള്ള വരുമാനവും സർക്കാർ സഞ്ചിത നിധിയിലേക്ക് അടവാക്കപ്പെടുന്നില്ല. |
| (സി) | ശബരിമലയുൾപ്പെടെയുള്ള വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങൾക്ക് 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെയും നടപ്പാക്കിയ വിവിധ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾക്കായി 2016-17 മുതൽ നാളിതുവരെ ആകെ 447,34,58,581/- രൂപ റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ദേവസ്വം ബോർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് - 144,96,00,000/-<br>കൊച്ചിൻ ദേവസ്വം ബോർഡ് - 26,38,33,153/-<br>മലബാർ ദേവസ്വം ബോർഡ് - 275,85,25,428/-<br>കൂടൽമാണിക്യം ദേവസ്വം - 15,00,000/-<br>കൂടാതെ ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയ്ക്ക് 2016-17 മുതൽ ആകെ 77,99,41,242/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br>മേൽ പരാമർശിച്ച തുകയ്ക്ക് പുറമെ ശബരിമലയ്ക്കായി ഓരോ മണ്ഡല- മകരവിളക്ക് തീർത്ഥാടനകാലത്തും ദേവസ്വം വകുപ്പിൽ നിന്നും തുക അനുവദിക്കുന്നതിനു പുറമെ പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ തുക അനുവദിക്കുന്നുമുണ്ട്.<br><br>ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി വഴി സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർക്കുന്നു. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി, നിലയ്ക്കൽ, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ക്ഷേത്രങ്ങളോടബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | നവീകരണത്തിനായുള്ള പദ്ധതിയും ക്ഷേത്ര പരിസരത്തും അനുബന്ധ സ്ഥാപനങ്ങളിലും വൃക്ഷതൈകൾ, പൂജാപുഷ്പ സസ്യങ്ങൾ, ഔഷധ ചെടികൾ തുടങ്ങിയവ നട്ട് പരിപാലിച്ച് അതുവഴി ദേവസ്വം ഭൂമികൾ ഹരിതാഭമാക്കി പരിസ്ഥിതി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള "ദേവാങ്കണം ചാരുഹരിതം" പദ്ധതിയും റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ANNEXURE - II



# SABARIMALA MASTER PLAN

## STATE FUNDED SCHEME

## WORKS EXECUTED FROM 2016-17 UNDER SABARIMALA MASTER PLAN HIGH POWER COMMITTEE

| Sl. No | Name of works |
|---|---|
| **SABARIMALA** | |
| 1 | Construction of Annadanamandapam at Sannidhanam |
| 2 | Construction of Darshanam Complex at Sannidhanam |
| 3 | Laying tails in the waiting hall at Sannidhanam and Refurbishment of existing urinals |
| 4 | Construction of Toilet Complex |
| 5 | Refurbishment of Valiyanadapandal at Sannidhanam |
| 6 | Providing Ashlar Flooring to the lower Thirumuttam at Sannidhanam |
| 7 | Relocation of Bhandaram at Sannidhanam |
| 8 | Construction of Ground Level RCC Water Tank of 60 Lakhs Litres capacity |
| 9 | Improvements to the road from Pandithavalam to Sabareenandanam (AyyapaNandanam) |
| **PAMPA** | |
| 1 | Construction of Sewage Holding Tank of 6 Lakhs Ltrs Capacity |
| 2 | Construction of Godown building |
| 3 | Construction of Annadanam Block |
| 4 | Construction of Restaurant Block |
| 5 | Construction of Toilet Block |
| 6 | Construction of Toilet Block Unit I |
| 7 | Construction of Toilet Block Unit II |
| 8 | Construction of Toilet Block Unit III |
| **NILAKKAL** | |
| 1 | Construction of Emergency Response Station |
| 2 | Construction of Pilgrim Resting Hall |
| 3 | Construction of 50 lakhs liters Water tank |
| 4 | Construction of Integrated Toilet Complex |
| 5 | Infrastructure for Police Personnel and KSRTC Personnel |

Member Secretary
High Power Committee

അനുബന്ധം -2

# മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

## കണ്ണൂർ ജില്ല

| ക്രമനമ്പർ | പേര് | പദ്ധതി വിവരം |
|---|---|---|
| 1 | മുഴക്കുന്ന് ശ്രീ.മൃദംഗ ശൈലേശ്വരി ക്ഷേത്രം– പേരാവൂർ നിയോജക മണ്ഡലം | പഴശ്ശി മ്യൂസിയത്തിന് വേണ്ടി കെട്ടിടവും,ഒരു ചെറിയ കുളവും |
| 2 | അണ്ടലൂർക്കാവ് ക്ഷേത്രം– ധർമ്മടം നിയോജക മണ്ഡലം | ഓഡിറ്റോറിയം, മ്യൂസിയം, ഗസ്റ്റ്ഹൗസ്, ഊട്ടുപുര, ചുറ്റമ്പലത്തിന്റെ ട്രസ്സ് വർക്കും ഫ്ലോറിംഗ് |
| 3 | തിരുവങ്ങാട് ശ്രീരാമ സ്വാമീ ക്ഷേത്രം–തലശ്ശേരി നിയോജകമണ്ഡലം | ഊട്ട്മഠം, ഭക്ഷണ ഹാൾ ചുറ്റുമതിൽ നിർമ്മാണം |
| 4 | ചിറക്കൊവ് ഭഗവതി ക്ഷേത്രം– തലശ്ശേരി നിയോജകമണ്ഡലം | ഊട്ടുപുര/റസ്റ്റ് ഹൗസ് |
| 5 | കൊട്ടിയൂർ ക്ഷേത്രം– പേരാവൂർ നിയോജകമണ്ഡലം | ഗാലറി ഹെറിറ്റേജ് നോളജ് സെന്റർ ട്രെയിനിംഗ് പെർഫോമൻസ് സെന്റർ, ഡെയിലി മാർക്കറ്റ് സ്പെയ്സ്, വീക്കെൻഡ് മാർക്കറ്റ് സ്പെയ്സ് കോഫീ കീയോസ്ക്, |
| | | ഗോശാല –<br>ഡോർമെറ്ററി, ക്ലോക്ക് റൂം, ടിക്കറ്റ് കൗണ്ടർ, ടൂറിസ്റ്റ് പിൽഗ്രിം, ഷെൽട്ടർ<br>ലാന്റ് സ്കോപ്പി, ഊട്ടുപുര & പാൻട്രി, കാർ പാർക്കിംഗ്, സ്റ്റേജ്, മ്യൂസിയം |
| 6 | മക്രേരി ശ്രീ.സുബ്രഹ്മണ്യസ്വാമീ ക്ഷേത്രം– ധർമ്മടം നിയോജകമണ്ഡലം | കുളം, സംഗീത മ്യൂസിയം, അഗ്രശാല |

## കോഴിക്കോട് ജില്ല

| | | |
|---|---|---|
| 1 | ലോകനാർകാവ് ദേവസ്വം-വടകര നിയോജകമണ്ഡലം | ഡോർമിറ്ററി, കളരി, തന്ത്രിമഠം, കൊട്ടാരം നവീകരണം, വലിയ ചിറ, ചെറിയ ചിറ നവീകരണം കാവ് |
| 2 | നല്ലൂർ ശിവക്ഷേത്രം | ടൂറിസം<br>പൈതൃക പദ്ധതി |
| 3 | മണിയങ്കോട്ടപ്പൻ ക്ഷേത്രം | ശബരിമല ഇടത്താവളം |
| 4 | പൊയിൽകാവ് ക്ഷേത്രം | ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് |

## വയനാട് ജില്ല

| | | |
|---|---|---|
| 1 | തിരുനെല്ലി ദേവസ്വം | പാപനാശിനിയിലേക്ക് നടപ്പാത, ചെക്കഡാം, പാപനാശിനിയിൽ സ്ത്രീകൾക്കുള്ള വിശ്രമ മന്ദിരം, ക്ലോക്ക് റൂം, ഫെസിലിറ്റിഷേൻസെന്റർ ലൈറ്റ് പ്രവൃത്തി. |
| 2 | വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രം | സ്റ്റെപ്പ് നിർമ്മാണം,<br>ഡെവലപ്മെന്റ് ഓഫ് മാർക്കറ്റിംഗ് & എക്സികബിഷൻ സ്പേസ് |

<u>മലപ്പുറം ജില്ല</u>

| | | |
|---|---|---|
| 1 | തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം | ചാവേർതറ പിൽഗ്രീം ടൂറിസം |